404/esk/19

<u>വളരെ അടിയന്തരം</u>

*"ഭരണഭാഷ - മാതൃഭാഷ"*

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:04712324951
email: celsgd@gmail.com
website: www.celsgd.kerala.gov.in

നം.ഇ6/2210/15/സിഇ/തസ്വഭവ

തീയതി : 13.02.2019.

# <u>സർക്കുലർ</u>

വിഷയം:- തസ്വഭവ (എൻജിനീയറിംഗ് വിഭാഗം) - ജീവനക്കാര്യം - തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗിക പീഡനം തടയൽ, നിരോധനം, പരിഹാരം- നിയമം 2013- ഇന്റേർണൽ കമ്മിറ്റി രൂപീകരിക്കുന്നത്- സംബന്ധിച്ച്.

സൂചന :- വനിതാ ശിശുവികസന ഡയറക്ടറുടെ കത്ത് നം.WEC1/19458/18 തീയതി 28.01.2019

മേൽ സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 10 ൽ കൂടുതൽ ജീവനക്കാർ ജോലിചെയ്യുന്ന എല്ലാ സർക്കാർ/അർദ്ധസർക്കാർ/സ്വകാര്യ/പൊതുമേഖല സ്ഥാപനങ്ങളിലും സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗിക അതിക്രമ പരാതികൾ കൈകാര്യം ചെയ്യുന്നതിനായി ഇന്റേർണൽ കമ്മിറ്റി രൂപീകരിക്കണമെന്ന് 2013 ലെ തൊഴിൽ സ്ഥലത്ത് സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗിക പീഡനം (തടയൽ, നിരോധനം, പരിഹാരം) നിയമത്തിലെ 4-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി കമ്മിറ്റി ഇതു വരെയും രൂപീകരിക്കാത്ത കാര്യാലയങ്ങളിൽ അടിയന്തരമായി ആയത് രൂപീകരിക്കേണ്ടതും, ടി വിവരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർക്ക് നൽകേണ്ടതുമുണ്ട്. പ്രസ്തുത സാഹചര്യത്തിൽ 10-ൽ കൂടുതൽ ജീവനക്കാർ സേവനമനുഷ്ഠിക്കുന്ന ഈ വകുപ്പിന്റെ കീഴിലുള്ള കാര്യാലയങ്ങളിൽ ടി കമ്മിറ്റി രൂപീകരിച്ച് റിപ്പോർട്ട് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. കെ.എസ്.ആർ.ആർ.ഡി.എ (പി.ഐ.യു-ൽ നിന്നും), ഉത്തര മേഖല/ദക്ഷിണ മേഖല (മുനിസിപ്പാലിറ്റികളിൽ നിന്നും), ജില്ലാപഞ്ചായത്തുകൾ (ബ്ളോക്ക് പഞ്ചായത്തുകളിൽ നിന്നും) ക്രോഡീകരിച്ച് വിവരങ്ങൾ 18.02.2019-നകം സമർപ്പിക്കേണ്ടതാണ്. ടി കമ്മിറ്റി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ www.wcd.kerala.gov.inഎന്ന വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്.

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
(ചീഫ് എൻജിനീയർ ക്കുവേണ്ടി )